## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2515** | **12/02/2020-ൽ മറുപടിയ്ക്ക്**

### ജില്ലാ സഹകരണ ബാങ്കുകളിൽ പ്രവാസി നിക്ഷേപം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ ജില്ലാ സഹകരണ ബാങ്കുകൾക്കാണ് പ്രവാസി നിക്ഷേപം സ്വീകരിക്കുവാൻ ലൈസൻസ് ഉണ്ടായിരുന്നത് എന്ന് അറിയിക്കാമോ; | (എ) | വയനാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലാ സഹകരണ ബാങ്കുകൾക്കാണ് പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസ് ഉണ്ടായിരുന്നത്. |
| (ബി) | ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായ സാഹചര്യത്തിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസ് പ്രസ്തുത ബാങ്കുകൾക്ക് നഷ്ടമായോ എന്ന് അറിയിക്കാമോ; | (ബി) | ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച സാഹചര്യത്തിൽ വയനാട്, കോഴിക്കോട് ജില്ലാ ബാങ്കുകൾ പ്രവാസി നിക്ഷേപം (NRI) നിക്ഷേപം സ്വീകരിക്കാൻ പാടില്ലെന്ന് ആർ.ബി.ഐ. അറിയിച്ചിട്ടുണ്ട്. |
| (സി) | കേരള ബാങ്കിന് നിലവിലെ സ്ഥിതിയിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുവാൻ ആർ. ബി. ഐ. അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) | കേരള ബാങ്കിന് പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസിനുള്ള അപേക്ഷ ആർ.ബി.ഐ. യുടെ പരിഗണന യിലാണ്. |

സെക്ഷൻ ഓഫീസർ